## 15 -ാം കേരള നിയമസഭ

## 10 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2074** **12-02-2024 - ൽ മറുപടിയ്ക്ക്**

## കാസർഗോഡ് വികസന പാക്കേജിൽ ചെലവഴിച്ച തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ് വികസന പാക്കേജിൽ നിന്നും 2017 മുതൽ 2023 വരയുള്ള വർഷങ്ങളിൽ ജില്ലയിലെ 5 മണ്ഡലങ്ങൾക്കായി ചെലവഴിച്ച തുക മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത വികസന പാക്കേജിൽ ഉദ്യോഗസ്ഥ തലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (എ) | ഡോ. പി. പ്രഭാകരൻ കമ്മിഷൻ റിപ്പോർട്ടിൽ പരാമർശിച്ചതും പ്രാദേശിക ആവശ്യകത പരിശോധിച്ച് ജില്ലാതല സമിതി പരിഗണിക്കുന്നതുമായ പദ്ധതികളിൽ 5 കോടി വരെ അടങ്കൽ ഉള്ളവയ്ക്ക് ജില്ലാതല സമിതിയും അതിനു മുകളിൽ അടങ്കൽ ഉള്ളവയ്ക്ക് സംസ്ഥാന സർക്കാരും ഭരണാനുമതി നൽകി വിവിധ നിർവഹണ വകുപ്പുകൾ മുഖേനയാണ് നടപ്പിലാക്കുന്നത്. കാസറഗോഡ് വികസന പാക്കേജ് നേരിട്ട് പദ്ധതികൾ ഒന്നും തന്നെ നിർവഹണം നടത്തുന്നില്ല.<br><br>കാസറഗോഡ് വികസന പാക്കേജിൽ 2017-18 മുതൽ 2022-23 സാമ്പത്തിക വർഷം വരെ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ ഓരോ മണ്ഡലത്തിലും ഉൾപെടുന്ന തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| വർഷം/ അസംബ്ലി മണ്ഡലം | മഞ്ചേശ്വരം (ലക്ഷത്തിൽ) | കാസറഗോഡ് (ലക്ഷത്തിൽ) | ഉദുമ (ലക്ഷത്തിൽ) | കാഞ്ഞങ്ങാട് (ലക്ഷത്തിൽ) | തൃക്കരിപ്പൂർ (ലക്ഷത്തിൽ) |
|---|---|---|---|---|---|
| 2017-18 | 2686.64 | 568.80 | 520.00 | 2556.78 | 1520.00 |
| 2018-19 | 2863.71 | 1051.31 | 914.60 | 2207.58 | 976.88 |
| 2019-20 | 815.46 | 5023.77 | 789.15 | 2203.13 | 1760.80 |
| 2020-21 | 3520.34 | 1207.99 | 1053.60 | 1129.58 | 563.90 |
| 2021-22 | 1746.97 | 54.70 | 2286.79 | 2621.63 | 1205.08 |
| 2022-23 | 1380.27 | 940.70 | 1458.63 | 1417.78 | 1278.08 |